പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 640 — 31-10-2011 —ൽ മറുപടിയ്ക്ക്

## സി.എം.ഡി.യുടെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം. വി.ശ്രേയാംസ് കുമാർ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) സെന്റർ ഫോർ (എ) മാനേജ്മെന്റ് ഡെവലപ്മെന്റിന്റെ (സി.എം.ഡി) പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാ മാണ്; | സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റിന്റെ പ്രവർത്തനങ്ങൾ താഴെപറയുന്നവയാണ്.<br>1.പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള മാനേജ്മെന്റ് സപ്പോർട്ടും പരിശീലനങ്ങളും നല്കുക.<br>2. കേന്ദ്ര മന്ത്രാലയങ്ങൾക്കും, സംസ്ഥാന സർക്കാ രിനും, ഇവയുടെ വിവിധ വകുപ്പുകൾക്കും വേണ്ടിയുള്ള മോണിറ്ററിംഗ്, ഇവാലുവേഷൻ, ഇൻപാക്റ്റ് അസസ്സ്മെന്റ്, പഠനങ്ങൾ നടത്തുക.<br>3.സർക്കാർ/വികസന ഏജൻസികൾക്ക് വേണ്ടി യുള്ള പ്രോജക്ട് മാനേജ്മെന്റ് സപ്പോർട്ട്.<br>4.മാനേജ്മെന്റ്റിസർച്ച്/പഠനങ്ങൾ/പ്രോജക്ടുകൾ തയ്യാറാക്കുക.<br>5. മൈക്രോ എന്റർപ്രൈസസ് ഡവലപ്പ്മെന്റ് പ്രോഗ്രാമുകൾ (എം.ഇ.ഡി.പി)<br>6. മാനേജ്മെന്റ് ഡവലപ്പ്മെന്റ് പ്രോഗ്രാമുകൾ (എം.ഡി.പി)<br>7.കേരളസർക്കാർ ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസിനുവേണ്ടി A Review of Public Enterprises (നിയമസഭയിൽ ബഡ്ജറ്റ് അവതരണത്തോടൊപ്പം സംസ്ഥാന സർക്കാർ പ്രസിദ്ധീകരിക്കുന്ന സംസ്ഥാനത്തെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന റിപ്പോർട്ട്) തയ്യാറാക്കുക. |

| | | |
|---|---|---|
| (ബി) സി.എം.ഡി സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്; | (ബി) | 1994-96 കാലഘട്ടത്തിൽ കാനഡയിലെ മക്ഗിൽ യൂണിവേഴ്സിറ്റിയുമായി ചേർന്ന് മാനേജ്മെന്റ് സ്കിൽസ് ഫോർ റൂറൽ എന്റർപ്രൈസസ് എന്നൊരു പഠനമല്ലാതെ സംസ്ഥാനത്തെ സൂഷ്മ ചെറുകിട - ഇടത്തരം സംരംഭങ്ങളെക്കുറിച്ച് മറ്റ് ഔദ്യോഗിക പഠനങ്ങളൊന്നും സി.എം.സി നടത്തിയിട്ടില്ല. |
| (സി) പ്രസ്തുത സംരംഭങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | (സി) | സൂക്ഷ്മചെറുകിട ഇടത്തരം സംരംഭങ്ങളുടെ<br><br>ഉൽപന്നങ്ങൾക്ക് പൊതുനിലവാരം ഉറപ്പുവരുത്താനും, പ്രവർത്തനകാര്യക്ഷമത, ഉൽപന്ന വിപണനം, അസംസ്കൃത വസ്തു സംഘാടനം എന്നിവ മെച്ചപ്പെടുത്തുന്നതിനുമായി തൊഴിൽ വൈദഗ്ദ്ധ്യത്തിന്റെ അടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്ന പ്രാദേശിക സംഘങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് സംസ്ഥാനതലത്തിൽ ഒരു അപെക്സ് സൊസൈറ്റി രൂപീകരിക്കുവാനും ധനലഭ്യത അനുസരിച്ച് മേൽ സംരംഭങ്ങൾക്കു വേണ്ടിയുള്ള ഒരു ഇൻകുബേഷൻ സെന്റർ രൂപീകരിക്കാനും സി.എം.ഡി ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ